**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**പത്രക്കുറിപ്പ്**

**കീം - 2026**

**കേരള എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2026**
**സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

2026-27 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് കീം പ്രോസ്പെക്ടസിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ പ്ലസ് ടു മാർക്ക് ലിസ്റ്റ് സമർപ്പിച്ച വിദ്യാർത്ഥികളെ ഉൾപ്പെടുത്തി എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് 27.06.2026 ന് പ്രസിദ്ധീകരിച്ചു. പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ളവരും നിശ്ചിത സമയ പരിധിക്കുള്ളിൽ പ്ലസ് ടു മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്യാൻ സാധിക്കാത്തതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാതിരുന്ന വിദ്യാർത്ഥികൾക്ക് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഒരു സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്നതിന് അർഹരായ വിദ്യാർത്ഥികളുടെ സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487**

Digitally signed by
Shibu A
Date: 29-07-2026
10:18:34
**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
28-07-2026